(എ) കെ.എസ്.ഇ.ബി. തിരുവല്ലാ ഡിവിഷന്റെ പരിധിയിൽ ഉള്ള പായിപ്പാട് പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമുകൾ ഏതൊക്കെയാണ് ;

(ബി) ഇവ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ആവശ്യമായ സാധനസാമഗ്രികൾ ഇല്ലാത്തതുമൂലം ഈ സ്കീമുകൾ നടപ്പിലാക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ സ്കീമുകൾ നടപ്പിലാക്കുവാൻ ആവശ്യമായ സാധനസാമഗ്രികൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. മുക്കാഞ്ഞിര ഭാഗത്ത് 100 കെ.വി.എ. ട്രാൻസ്ഫോർമർ വയ്ക്കുന്നതിന് 1 കി.മീറ്റർ 11 കെ.വി. ലൈൻ വലിക്കുക.

2. അമ്മാത്തിൻചിറ ഭാഗത്ത് 750 മീറ്റർ 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

(ബി) ഇവ മുൻഗണന അനുസരിച്ചും മെറ്റീരിയൽസിന്റെ ലഭ്യത അനുസരിച്ചും പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം

84 (1236) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു ;

(ബി) അഡ്വൈസ് മെമ്മോ നൽകിയ എത്ര പേർക്ക് ഇനി നിയമനം നൽകാനുണ്ട് ;

(സി) താല്കാലികാടിസ്ഥാനത്തിൽ എത്ര പേർ ജോലി നോക്കുന്നു ;

(ഡി) ഇവരെ പിരിച്ച് വിട്ട് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ ;

(ഇ) എത്ര വേക്കൻസികൾ ഇനിയും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ ഉദ്ദേശിക്കുന്നു ;

(എഫ്) ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് കണക്കിലെടുത്ത് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2148 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) അഡ്വൈസ് മെമ്മോ ലഭിച്ച എല്ലാപേർക്കും നിയമനം നൽകിയിട്ടുണ്ട്.

(സി&ഡി) ഇക്കോണമി ഓർഡറിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മപുരം ഡീസൽ നിലയത്തിൽ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇവിടെ ദിവസക്കൂലി അടിസ്ഥാനത്തിൽ രണ്ട് ജൂനിയർ അസിസ്റ്റന്റ് /കാഷ്യർമാർ ജോലി ചെയ്യുന്നുണ്ട്. തസ്തികകൾ സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞാൽ മാത്രമേ പി.എസ്.സി.ക്ക് വിടാൻ നിർവ്വാഹമുള്ളൂ. തസ്തികകൾ സൃഷ്ടിച്ചശേഷം പി.എസ്.സി.യെ അറിയിച്ച് സ്ഥിരം നിയമനം നടത്താൻ വേണ്ട നിർദ്ദേശം ബോർഡിന് നൽകിയിട്ടുണ്ട്.

(ഇ) ഇതുവരെ ലഭിച്ച 62 എൻ.ജെ.ഡി. വേക്കൻസികൾ റിപ്പോർട്ട് ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

(എഫ്) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

കെ.എസ്.ഇ.ബി. ചെയർമാനെതിരെയുള്ള കുറ്റപത്രം

85 (1237) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സുധാകരൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ചെയർമാനായിരുന്ന ശ്രീ. സുകുമാർ ഉമ്മനെതിരെ സർക്കാർ കുറ്റപത്രം നൽകുകയുണ്ടായോ ;

(ബി) എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) സർക്കാർ നൽകിയ കുറ്റപത്രത്തിന് അദ്ദേഹം നൽകിയ മറുപടി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഖിലേന്ത്യാ സർവ്വീസ് പെരുമാറ്റച്ചട്ടത്തിലെ ഏഴാംചട്ടം ലംഘിച്ചതിനെതിരെ.

(സി) മറുപടി സർക്കാർ പരിശോധിച്ചു വരുന്നു.

കെ.എസ്.ഇ.ബി.യുടെ കൺസൾട്ടന്റ്

86 (1238) ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly